**POLICE** **KERALA** **DEPARTMENT**

**No. G2-26168/2016/W**
District Police Office,
Wayanad
spwynd.pol@kerala.gov.in
04936202525
Dated. 16-03-2017

**ലേല പരസ്യം**

വയനാട് ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ കമ്പളക്കാട് ടൌണിനടുത്ത് സ്ഥിതി ചെയ്യുന്ന പോലീസ് വകുപ്പിൻറെ ഒരു പഴയ കെട്ടിടം ലേലം ചെയ്തു പൊളിച്ച് നീക്കുന്നതിനായി 16.5.2017 തീയതി രാവിലെ 11.00 മണിക്ക് കമ്പളക്കാട് പോലീസ് സ്റ്റേഷൻ പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ടു ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരത ദ്രവ്യമായ 2000/- രൂപ (രണ്ടായിരം രൂപ മാത്രം) ലേല സ്ഥലത്ത് അടച്ച് രസീതി വാങ്ങേണ്ടതുമാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ സംഖ്യ അടച്ചതിൻറെ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം (വയനാട് ജില്ലാ പോലീസ് മേധാവിയുടെ പേരിൽ) 12.5.2017 തീയതി ഉച്ചയ്ക്ക് 3.00 മണി വരെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുമ്പാകെ സമർപ്പിക്കാവുന്നതാണ്. ദർഘാസ് അടങ്ങിയ കവറിനു പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക പഴയ കെട്ടിടം ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ് " എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നല്കിയിട്ടുള്ളവർ ലേല സ്ഥലത്ത് കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്.

പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ എന്നുനോക്കി ആയതിനു ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതിയും സെയിൽസ് ടാക്സ്, അഡീഷണൽ സെയിൽസ് ടാക്സ് എന്നിവ അടച്ച് രസീതി വാങ്ങേണ്ടതും, ബാക്കി തുക നിരത ദ്രവ്യം കഴിച്ച് നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി പത്ത് ദിവസത്തിനകം അടച്ച് കെട്ടിടം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും പൊളിച്ച് നീക്കം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിന് മുതൽ കൂട്ടുന്നതും കെട്ടിടം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

ലേലം ചെയ്യുന്ന കെട്ടിടം പരിശോധിക്കണമെങ്കിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകിട്ട് 4 മണിവരെ മീനങ്ങാടി പോലീസ് ഇൻസ്പെക്ടറുടെ മുൻകൂർ അനുമതിയോട് കൂടി കെട്ടിടം പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരുവിധ മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയതി മാറ്റി വെക്കുന്നതിനോ ലേലം/ ദർഘാസ് സ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം വയനാട് ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

RAJPAL MEENA IPS
Superintendent of Police

G2-26168/2016/W
032542

To : 1)വയനാട് ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും വേണ്ടത്ര പ്രചാരണത്തിനായി. 2)പബ്ലിക് റിലേഷൻ ഓഫീസർ, വയനാട് വേണ്ടത്ര പ്രചാരണത്തിനായി. 3) കാഷ്യർ ഡിപിഒ, വയനാട് - നിരതദ്രവ്യം സ്വീകരിക്കുന്നതിനായി. 4) ബോർഡ് മെമ്പർമാർക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി. 5)ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ഭരണ വിഭാഗം), എ.എ, മാനേജർ ഡിപിഒ- അറിവിലേക്കായി.

Internal Administrative Processing System
iAPS
KERALA POLICE